# അധികാരിവർഗ്ഗത്തിന്റെ ഇരകൾ

അടിസ്ഥാനവർഗ്ഗത്തിന് വേണ്ടി പ്രവർത്തിക്കുന്നവരെ റിബലുകളായി കാണുകയെന്നത് മുതലാളിത്ത സമൂഹത്തിന്റെ സ്വഭാവമാണ്. ഛത്തീസ്ഗഢിൽ ആദിവാസികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ചലച്ചിത്ര പ്രവർത്തകൻ ടി.ജി. അജയ്‌യുടെ അറസ്റ്റും തുടർന്നുള്ള സംഭവങ്ങളും മനുഷ്യാവകാശപ്രവർത്തകർക്ക് നേരെയുള്ള അധികാരവർഗ്ഗത്തിന്റെ കൊടുവാളാണ്.



ഡോ. ബിനായ്സെൻ ഛത്തീസ്ഗഢിലെ ആദിവാസികൾക്കൊപ്പം

ഛത്തീസ്ഗഢിൽ ഡോ. ബിനായക്സെന്നിന് ശേഷം അറസ്റ്റിലാവുന്ന രണ്ടാമത്തെ മനുഷ്യാവകാശപ്രവർത്തകനാണ് ടി.ജി. അജയ്. സ്റ്റേറ്റ് പബ്ളിക്ക് സെക്യൂരിറ്റി ആക്ട് പ്രകാരമാണ് ഇവരെ രണ്ട് പേരെയും അറസ്റ്റ് ചെയ്തത്. പീപ്പിൾസ് യൂണിയൻ ഓഫ് സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ) സംഘടനയുടെ സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പറാണ് അജയ്. ബിനായ്സെന്നിനൊപ്പം റായ്പ്പൂരിലെ ജയിലിലാണ് അജയ്‌യും ഉള്ളത്.

2004 മുതൽ മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ സജീവമായ ബിനായക്സെൻ ഛത്തീസ്ഗഢിലെ ആദിവാസികൾക്ക് നേരെയുള്ള പീഡനങ്ങൾക്ക് എതിരെ ശക്തിയായി പ്രതികരിച്ച വ്യക്തിയാണ്. ആദിവാസി കൊലപാതകങ്ങൾ, ലൈംഗിക പീഡനങ്ങൾ, നിർബന്ധിത പലായനങ്ങൾ തുടങ്ങിയ ക്രൂരതകൾക്കെതിരെയുള്ള അജയ്‌യുടെ പ്രവർത്തനങ്ങൾ അധികാരിവർഗ്ഗത്തിന്റെ എതിർപ്പിന് ഇരയായിരുന്നു. ആംനെസ്റ്റി ഇന്റർ നാഷണൽ അജയ്‌യുടെ അറസ്റ്റിനെതിരെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്.

2005 മുതൽ ഛത്തീസ്ഗഢിലെ മാവോയിസ്റ്റുകളുടേയും സൽവാജുദുമിന്റേയും കലാപങ്ങൾക്കിടയിൽപെട്ട് ആയിരക്കണക്കിന് ആദിവാസികൾ ഉഴലുകയായിരുന്നു. തുടർച്ചയായ ആക്രമണങ്ങൾ, പലായനങ്ങൾ.... ഇതിനിടയിലേക്കാണ് മനുഷ്യാവകാശപ്രവർത്തകർ പോരാട്ടവുമായി രംഗത്തിറങ്ങിയത്. എന്നാൽ മനുഷ്യാവകാശ പ്രവർത്തകരെ മുഴുവൻ തീവ്രവാദികളായും ആക്രമണകാരികളായും ചിത്രീകരിച്ച് അധികാരിവർഗ്ഗം കൈയൊഴിയുകയാണ്.


## സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്

സാമൂഹ്യരംഗത്തെ അറിയാനും പഠിക്കാനും താല്പര്യമുള്ളവർക്ക് അപൂർവ്വാവസരം. പരിസ്ഥിതി, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യാവകാശം, ആദിവാസി, ദളിത്, സ്ത്രീ നീതി തുടങ്ങിയ മേഖലകളെക്കുറിച്ച് ആഴത്തിലുള്ള അറിവും സാമൂഹ്യപ്രവർത്തനം, കമ്പ്യൂട്ടർ പരിചയം, പത്രപ്രവർത്തനം, യാത്രകൾ, സിനിമ എന്നീ രംഗങ്ങളിൽ നേരിട്ടുള്ള പരിശീലനവും ലഭിക്കും. ആറുമാസമെങ്കിലും തുടരാൻ ആഗ്രഹിക്കുന്നവർ മാത്രം എന്തുകൊണ്ട് സന്നദ്ധ പ്രവർത്തനം നടത്താൻ താല്പര്യപ്പെടുന്നു എന്നതിനെക്കുറിച്ച് രണ്ട് പേജിൽ കുറയാതെ എഴുതി അയയ്ക്കുക.

കേരളീയം
കൊക്കാലെ, തൃശൂർ-21.
9446576943

## വൃക്ഷപൂജയും ജന്മനക്ഷത്ര വൃക്ഷങ്ങൾ നടലും

തൽപരരായ ഏവരേയും ക്ഷണിക്കുന്നു.
ബന്ധപ്പെടുക :
ഗ്രീൻ ഹൗസ്, തുളിയാംതോട്
പൊന്നൂക്കര പി.ഒ., തൃശൂർ
ഫോൺ : 9895148998

## 1975 ജൂൺ 26 അടിയന്തിരാവസ്ഥ

തൃശൂർ: ഭരണകൂടഭീകരതയുടെയും അസ്വാതന്ത്ര്യത്തിന്റെയും കരാളഹസ്തങ്ങൾ 33 വർഷംപിന്നിട്ടിട്ടും അവസാനിച്ചിട്ടില്ല, ഇപ്പോഴും തുടരുന്നു. വടക്കേച്ചിറ ശ്രദ്ധ ഹാളിൽ വൈകീട്ട് 4-ന് ചർച്ച, തുടർന്ന് തൃശൂർ റൗണ്ട് ചുറ്റി പ്രകടനം, തുടർന്ന് കോർപ്പറേഷനുമുമ്പിൽ പൊതുയോഗം.

ബന്ധങ്ങൾക്ക്:
ശ്രീനിവാസൻ ഇറക്കത്ത്
9446626403